ലോ ടെൻഷൻ വിഭാഗത്തിൽ - 363

വ്യവസായ മേഖലയിൽ ഗാർഹിക വിഭാഗം ഇല്ല

എച്ച്.റ്റി./ഇ.എച്ച്.റ്റി. വ്യവസായങ്ങളുടെ ഉപഭോഗവും കുടിശ്ശികയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ലോ ടെൻഷൻ വിഭാഗം വ്യവസായ സ്ഥാപനങ്ങളുടെ ഉപഭോഗം (ഒക്ടോബർ 2014) അനുബന്ധമായി ചേർക്കുന്നു*.

ലോ ടെൻഷൻ വ്യവസായ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) കോടതി വ്യവഹാരത്തിൽപ്പെട്ട തുക കോടതിയുടെ തീർപ്പിനു വിധേയമായിമാത്രമേ വസൂലാക്കാൻ കഴിയൂ. മറ്റ് കേസ്സുകളിൽ റവന്യൂ റിക്കവറി നടപടികൾ നടന്നുവരുന്നു. റവന്യൂ അധികാരികളുടെ തീർപ്പിനു വിധേയമായി കുടിശ്ശിക തുക പിരിച്ചെടുക്കുന്നുണ്ട്. എച്ച്.റ്റി/ഇ.എച്ച്.റ്റി. വിഭാഗത്തിൽ 98.3 കോടി രൂപ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞ് കിട്ടാനുണ്ട്. ടി തുകയിൽ 76.61 കോടി ഡിസ്പ്യൂട്ടിൽ ചെയ്യപ്പെട്ട റവന്യൂ റിക്കവറി നടപടികൾക്കു വിധേയമായ കുടിശ്ശിക തുകയാണ്.

എൽ.റ്റി. വിഭാഗത്തിൽ കുടിശ്ശിക നാളിതുവരെ തിരിച്ചുപിടിച്ചത് 25,78,871-രൂപയാണ്. കുടിശ്ശിക തിരിച്ചുപിടിക്കുവാനായി 14 സ്ഥാപനങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. 2 കേസ്സുകൾ കോടതിയുടെ പരിഗണനയിലാണ്. ഒരെണ്ണം സർവ്വീസ് വിച്ഛേദിച്ചിരിക്കുകയാണ്. ഇതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു. ഇനി ലോ ടെൻഷൻ വ്യാവസായിക വിഭാഗത്തിൽ കുടിശ്ശിക പിരിക്കുവാനുള്ളത് 33,39,621-രൂപയാണ്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 4* ആയി ചേർക്കുന്നു.

സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം

56 (396) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ ഇപ്പോഴത്തെ ശരാശരി പ്രതിദിന വൈദ്യുതി ഉപയോഗം എത്ര ദശലക്ഷം യൂണിറ്റാണ് ; ഇതിൽ എത്ര യൂണിറ്റ് കെ.എസ്.ഇ.ബി മാത്രം ഉല്പാദിപ്പിക്കുന്നു ; എത്ര യൂണിറ്റ് സംസ്ഥാനത്തെ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നു ; എത്ര യൂണിറ്റ് കേന്ദ്രപൂളിൽനിന്നും ലഭിക്കുന്നു ; കമ്മി ഉണ്ടെങ്കിൽ എത്ര യൂണിറ്റിന്റെ കമ്മിയാണ് നിലവിലുള്ളത് ; ഈ കമ്മി ഇപ്പോൾ എങ്ങനെയാണ് തിട്ടപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തെ ഏതെല്ലാം സ്ഥാപനങ്ങളിൽനിന്നും ഉയർന്ന നിരക്കിലുള്ള വൈദ്യുതി വാങ്ങുന്നുണ്ട് ; സ്ഥാപനത്തിന്റെ പേര്, വാങ്ങുന്ന വൈദ്യുതിയുടെ അളവ്, വില എന്നിവ വിശദമാക്കുമോ ;

(ഡി) ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങുന്നതിന്റെ പേരിൽ ചാർജ് വർദ്ധിപ്പിക്കാനോ, സർചാർജ് ഏർപ്പെടുത്താനോ കെ. എസ്. ഇ. ബി. റെഗുലേറ്ററി കമ്മീഷന് അപേക്ഷ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇപ്പോൾ നിലവിൽ ഇല്ല. തന്മൂലം വർഷം സംസ്ഥാനത്തെ മൊത്തം ഊർജ്ജാവശ്യകതയുടെ 20 ശതമാനത്തോളം സംസ്ഥാനത്തിന്റെ പുറത്തുനിന്നും വൈദ്യുതി വ്യാപാരികൾവഴിയും ലഭ്യമാക്കുവാനായി വൈദ്യുതി ബോർഡ് കരാറിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ രാജ്യത്തെ മറ്റ് മേഖലകളിൽനിന്നും ദക്ഷിണേന്ത്യയിലേക്കും ദക്ഷിണേന്ത്യയിൽത്തന്നെ S1 മേഖലയിൽനിന്നും S2 മേഖലയിലേക്കും വൈദ്യുതി എത്തിക്കുന്നതിന് പ്രസരണ ശൃംഖലയുടെ

LIBRARY ARCHIVES Kerala Legislative Assembly

അപര്യാപ്തത നിലവിലുണ്ട്. ടി കാരണത്താൽ കരാറിലേർപ്പെട്ട വൈദ്യുതി സംസ്ഥാനത്തിന് ലഭ്യമല്ല. സംസ്ഥാനത്തിനകത്തുള്ള ദ്രവ ഇന്ധന നിലയങ്ങളായ NTPC, BSES തുടങ്ങിയവയിൽനിന്നും കൂടുതൽ വിലയ്ക്ക് വൈദ്യുതി വാങ്ങിയും പവർ എക്സ്ചേഞ്ചിൽനിന്നും കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങിയുമാണ് സംസ്ഥാനത്തിന്റെ പുറത്തുനിന്നും വൈദ്യുതി ബോർഡ് കരാറിലേർപ്പെട്ട വൈദ്യുതി കൊണ്ടുവരുവാൻ സാധിക്കാത്തതുമൂലമുള്ള കുറവ് പരിഹരിക്കുകയും അതുവഴി ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കുകയും ചെയ്യുവരുന്നത്.

(ബി) സംസ്ഥാനത്തെ നിലവിലെ പ്രതിദിന വൈദ്യുതി ഉപഭോഗം ശരാശരി 60 ദശലക്ഷം യൂണിറ്റോളമാണ്. ഇതിൽ സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിൽനിന്നും ഏകദേശം ശരാശരി 19.2 ദശലക്ഷം യൂണിറ്റും ബോർഡിന്റെ അധീനതയിലുള്ള ദ്രവ ഇന്ധന നിലയങ്ങളായ BDPP, KDPP തുടങ്ങിയവയിൽനിന്നും പ്രതിദിനം 0.6 ദശലക്ഷം യൂണിറ്റും ഉല്പാദിപ്പിക്കുന്നുണ്ട്. ഇതു കൂടാതെ സംസ്ഥാനത്തെ നാഫ്ത ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന താപനിലയങ്ങളായ NTPC കായംകുളത്തുനിന്നും പ്രതിദിനം ശരാശരി 3.6 ദശലക്ഷം യൂണിറ്റും BSES നിലയത്തിൽ നിന്ന് ശരാശരി 1.5 മുതൽ 2 ദശലക്ഷം യൂണിറ്റും ഉല്പാദിപ്പിക്കുന്നുണ്ട്.

കേന്ദ്രപൂളിൽനിന്നും ശരാശരി 1315 മെഗാവാട്ടോളം വൈദ്യുതിയാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. ഇതിൽനിന്നും പ്രതിദിനം ശരാശരി 27 ദശലക്ഷം യൂണിറ്റോളം സംസ്ഥാനത്തിന്റെ അതിർത്തിയിൽ ഇപ്പോൾ ലഭിക്കുന്നുണ്ട്. കൂടാതെ അധികമായി വേണ്ടിവരുന്ന വൈദ്യുതി പവർ എക്സ്ചേഞ്ചുകളിൽനിന്നും വൈദ്യുതി വ്യാപാരികളിൽനിന്നും കൂടിയനിരക്കിൽ വാങ്ങിയാണ് സംസ്ഥാനത്തെ ഊർജ്ജാവശ്യകത നിറവേറ്റുന്നത്.

(സി) വൈദ്യുതി ബോർഡ് സംസ്ഥാനത്തിനുപുറത്തുള്ള വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

ഉല്പാദകരുമായും വൈദ്യുതി വ്യാപാരികളുമായും കരാറിലേർപ്പെട്ടിട്ടുള്ള വൈദ്യുതി പ്രസരണ ഇടനാഴിയുടെ അപര്യാപ്തത കാരണം സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരാൻ സാധിക്കാത്തതിനാൽ സംസ്ഥാനത്തിനകത്തുള്ള NTPC-യുടെ കായംകുളം താപവൈദ്യുതി നിലയം, BSES-ന്റെ കൊച്ചിയിലെ നിലയം, പവർ എക്സ്ചേഞ്ചുകൾ എന്നിവയിൽനിന്ന് കൂടിയവിലയ്ക്ക് വൈദ്യുതി വാങ്ങിയാണ് സംസ്ഥാനത്തിന്റെ ആവശ്യകത നിറവേറ്റുന്നത്. വിശദാംശം പട്ടിക 1*ൽ കൊടുത്തിരിക്കുന്നു.

നിലയം	പ്രതിദിനം വാങ്ങുന്ന വൈദ്യുതിയുടെ അളവ് (മില്യൺ യൂണിറ്റിൽ)	ശരാശരി ഇന്ധന വില (യൂണിറ്റിന്)
NTPC യുടെ കായംകുളം നിലയം	3.6 മുതൽ 7 വരെ	11.30 രൂപ
BSES കൊച്ചി	2 മുതൽ 3.5 വരെ	11 രൂപ
പവർ എക്സ്ചേഞ്ച്	6 ദശലക്ഷം യൂണിറ്റ് വരെ (ലഭ്യതയ്ക്കനുസരിച്ച്)	6 രൂപ മുതൽ 10 രൂപ വരെ

(ഡി) ഉണ്ട്. ഈ സാമ്പത്തിക വർഷം വൈദ്യുതി നിലയങ്ങളിൽനിന്നും വിലകൂടിയ വൈദ്യുതി വാങ്ങുന്നതുമൂലമുള്ള അധികച്ചെലവ് 648.6 കോടി രൂപയാണെന്നും ഇതു സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കളിൽനിന്നും ഈടാക്കാൻ അനുവദിക്കണമെന്നും കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, കമ്മീഷന് അപേക്ഷ നൽകിയിട്ടുണ്ട്. പ്രസ്തുത അപേക്ഷ കമ്മീഷന്റെ പരിഗണനയിലാണ്.

സംസ്ഥാനത്തെ വൈദ്യുതി നിയന്ത്രണം

57 (397) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly